**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3026** **14-02-2024 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജനവാസ മേഖലയിൽ വന്യജീവികളുടെ ആക്രമണങ്ങൾ വർധിച്ചുവരുന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (എ) | സംസ്ഥാനത്ത് വനമേഖലയോട് ചേർന്ന ജനവാസമേഖലകളിൽ വന്യജീവികളുടെ ആക്രമണങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വന്യജീവി ആവാസ മേഖലകളുടെ വിഘടനവും (Habitat Fragmentation) വനമേഖലകളിലെ ടൂറിസം ഉൾപ്പെടെയുള്ള പ്രവർത്തികളിലൂടെ മനുഷ്യരുടെ സാന്നിദ്ധ്യം വർദ്ധിച്ചതും , മനുഷ്യ - വന്യജീവി സംഘർഷങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യാൻ കാരണമാകുന്നുണ്ട്. വന്യജീവികളുടെ പരമ്പരാഗത സഞ്ചാര പാതകൾ/ ആനത്താരകൾ എന്നിവ വിവിധ തരം നിർമ്മാണ പ്രവർത്തികൾ മൂലം തടസ്സപ്പെടുത്തുന്നത് കാട്ടാന തുടങ്ങിയ വന്യമൃഗങ്ങളിൽ അസ്വസ്ഥതയും പ്രകോപനവും ഉണ്ടാക്കുന്നുണ്ട്. ആയതും മനുഷ്യ-വന്യജീവി സംഘർഷത്തിന് വഴിവയ്ക്കുന്നുണ്ട്. വനത്തോട് ചേർന്നുള്ള ജനവാസമേഖലകളിൽ കൃഷി ചെയ്യുന്ന വിളകൾ ഭക്ഷണമാക്കുന്നതിനും, പ്രായാധിക്യം, പരുക്ക്, മറ്റ് അസുഖങ്ങൾ എന്നിവമൂലം ഇരപിടിയ്ക്കുവാൻ ബുദ്ധിമുട്ടുള്ള മാംസഭുക്കുകളായ മൃഗങ്ങൾ വളർത്തുമൃഗങ്ങളെ ഇരയാക്കുന്നതിനും ജനവാസ മേഖലകളിലേയ്ക്ക് ഇറങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ